12.	വയനാട്	..	109
13.	കണ്ണൂർ	..	319
14.	കാസർഗോഡ്	..	92
	ആകെ	..	8287

(ബി) 30-9-1999-ലെ ജി.ഒ. (എം). എസ്.) 244/99/പൊ.വി. ഉത്തരവ് പ്രകാരം അംഗീകാരമുള്ള അൺ-എയിഡഡ് സ്കൂളുകളിലെ സേവന വ്യവസ്ഥകളും താഴെ പറയും പ്രകാരമാണ്:

തസ്തിക		കുറഞ്ഞ ശമ്പളം
ഹെഡ്മാസ്റ്റർ	..	3000+200 രൂപ (സൂപ്പർവിഷൻ അലവൻസ്)
എച്ച്. എസ്. എ.	..	3000 രൂപ
പ്രൈമറി ടീച്ചർ	..	2500 ,,
ക്ലാർക്ക്	..	2000 ,,
പ്യൂൺ/ക്ലാസ് 4	..	1800 ,,

എയിഡഡ് മേഖലയിലെ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള യോഗ്യതതന്നെയാണ് അംഗീകൃത അൺ-എയിഡഡ് മേഖലയിലെ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നത്.

ശ്രീമതി ജെ. അംബികാദേവിക്ക് ലീവ് അനുവദിക്കൽ

66 [1594] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കായംകുളം പുതിയവിള യു. പി. എ,സിലെ യു. പി. എസ്. എ. ശ്രീമതി ജെ. അംബികാദേവിക്ക് അഞ്ച് വർഷത്തേക്ക് ലീവ് വിത്തൗട്ട് അലവൻസ് അനുവദിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(ബി) ഈ അദ്ധ്യാപികയുടെ ഭർത്താവ് കിഡ്നി സംബന്ധമായ അസുഖമുള്ള ആളായതിനാൽ ഗൾഫിൽ ഇദ്ദേഹത്തെ പരിചരിക്കുന്നതിന് പോകുന്നതിനായി ഇവരുടെ ലീവ് അനുവദിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീമതി ജെ. അംബികാദേവി വിദേശത്തേക്ക് പോകുന്നതിനായി 10-2-2004-മുതൽ 2 വർഷത്തേക്ക് കെ. എസ്. ആർ. അപ്പൻഡിക്സ് 12-C പ്രകാരം L. W. A. അനുവദിക്കുന്നതിനായി സ്കൂൾ ഹെഡ്മാസ്റ്റർക്ക് സമർപ്പിച്ച, അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് 16-4-2004 ന് സർക്കാരിൽ ലഭിച്ചിരുന്നു. ആയത് അസ്സൽ അപേക്ഷ, സർവ്വീസ് പുസ്തകം എന്നിവ സഹിതം, ഡി. ഇ. ഒ.-യുടെ ശുപാർശയോടെ അയച്ചു തരുവാൻ 21-12-2004-ലെ കത്തുപ്രകാരം കായംകുളം എ. ഇ. ഒ.യ്ക്ക് നിർദ്ദേശം നൽകിയിരുന്നു. 17-4-2004-ന് സ്കൂൾ പ്രധാന അദ്ധ്യാപകന് ലഭിച്ച ലീവ് അപേക്ഷയിലെ കോളങ്ങൾ കൃത്യമായി പൂരിപ്പിക്കാത്തതിനാലും ടീച്ചർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം, ടിയാളുടെ പേരിൽ ഹരിപ്പാട് കോ-ഓപ്പ് സൊസൈറ്റിയിൽ നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കട ബാദ്ധ്യത എന്നിവയുടെ അടിസ്ഥാനത്തിൽ പരിഗണനാർഹമായിരുന്നില്ല എന്നതുകൊണ്ടും കൂടാതെ അത് തിരിച്ചയയ്ക്കാനുള്ള വിലാസം അപേക്ഷയിൽ ഇല്ലാത്തതിനാലും ഹെഡ് മാസ്റ്റർ തിരിച്ചയച്ചില്ല. തുടർന്ന് ഡി. ഡി. ഇ. നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ച് 1-4-2004 മുതൽ മാനേജർ ടിയാളെ സർവ്വീസിൽനിന്നും നീക്കം ചെയ്തതായും ആയത് 19-3-2005-ൽ മാവേലിക്കര ഡി. ഇ. ഒ. അംഗീകരിച്ചതായും ഡി. ഇ. ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ടതിനാൽ ലീവ് അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല.

എയിഡഡ് സ്കൂളുകളിലും സർക്കാർ സ്കൂളുകളിലും അധിക തസ്തികകൾ

67 [1596] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയിഡഡ് സ്കൂളുകളിലും സർക്കാർ സ്കൂളുകളിലും അധിക തസ്തികകൾ അനുവദിക്കുന്നതിൽ നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് അടുത്ത കാലത്തായി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവു പ്രകാരം എയിഡഡ് സ്കൂളുകളിൽ മാത്രമേ അധിക തസ്തികകൾ അനുവദിക്കുന്നുള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഉത്തരവ് സർക്കാർ സ്കൂളുകൾക്കുകൂടി ബാധകമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) 11-6-2001-ലെ ജി.ഒ. (പി) നം. 817/2001/ധന. ഉത്തരവ് പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിന് തടസ്സം ഉണ്ട്. എന്നാൽ ഈ തടസ്സംമൂലം സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഏറ്റവും ഒടുവിൽ 15-6-2004-ലെ ജി.ഒ. (പി) നം. 169/2004/പൊ.വി.വ. പ്രകാരം അതുവരെ നടത്തിയ നിയമനങ്ങൾക്കെല്ലാം അംഗീകാരം നൽകുവാൻ ഉത്തരവായി. പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ഉണ്ട്.

(ഡി) 2004-05, 2005-06 വിദ്യാഭ്യാസ വർഷങ്ങളിൽ ഗവൺമെന്റ്/എയിഡഡ് സ്കൂളുകളിലെ അധിക തസ്തികകൾ അംഗീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly